# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5168      24.10.2011-ലെ മറുപടിക്ക്

### ശുദ്ധജലവിതരണ പദ്ധതികൾ പൂർത്തിയാക്കുന്നതിനുള്ള കേന്ദ്രസഹായം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി**<br>**ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**<br>**ശ്രീ.പാലോട് രവി** | **ശ്രീ. പി.ജെ. ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന ശുദ്ധ ജലവിതരണ പദ്ധതികൾ പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) സംസ്ഥാനത്ത് മുടങ്ങിക്കിടന്നിരുന്ന പദ്ധതികൾ നബാർഡ്, സാർക്ക് എന്നിവയുടെ സഹായത്തോടെ പുനരാരംഭിച്ച് പ്രവൃത്തികൾ നടന്നുവരുന്നു.<br>യു.ഐ.ഡി.എസ്.എസ്.എം.റ്റി പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ നഗരസഭ ശുദ്ധജല വിതരണ പദ്ധതിയുടെ സ്രോതസ്സിനെ സംബന്ധിച്ച് തദ്ദേശവാസികളുടെ എതിർപ്പ് കാരണം മുടങ്ങിക്കിടക്കുകയാണ്. പ്രശ്ന പരിഹാരത്തിനായുള്ള ശ്രമങ്ങൾ നടന്നുവരുന്നു. |
| (ബി) പൂർത്തിയാകാനുള്ള പദ്ധതികൾക്ക് ഉടൻ ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ; | (ബി) എ.ആർ.പി/എൽ.ഐ.സി മുതലായ കാറ്റഗറിയിലുള്ളതും വർഷങ്ങളായി പണി നടന്നുകൊണ്ടിരിക്കുന്നതും പദ്ധതി പൂർത്തീകരിക്കുവാൻ അടങ്കൽ തുക തികയാതെ വന്നതുമായ 181.20 കോടി രൂപയുടെ പുതിയ 40 കവറേജ് പദ്ധതികൾക്ക് 5/6/2010-ൽ കൂടിയ എസ്.എൽ.എസ്. എസ്.സി അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതികൾക്ക് കേന്ദ്ര - സംസ്ഥാന വിഹിതം 50:50 ആണ്. ഈ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

(സി) സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന ശുദ്ധ ജലവിതരണ പദ്ധതികൾ പൂർത്തിയാക്കുന്നതിന് എത്ര തുകയാണ് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുന്നത്; വിശദമാക്കാമോ;

(സി) ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്നതും പുതുതായി എസ്.എൽ.എസ്.എസ്.സി-യിൽ അംഗീകാരം ലഭിക്കുന്നതുമായ പദ്ധതികൾക്കാണ് എൻ.ആർ.ഡി.ഡബ്ല്യൂ.പി (നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം)-യിൽ ഉൾപ്പെടുത്തി കേന്ദ്ര സഹായം ലഭിക്കുന്നത്. 1/4/2009-ലെ പുതുക്കിയ ഗൈഡ്‌ലൈൻസ് പ്രകാരം പദ്ധതിയുടെ ചെലവ് കേന്ദ്ര - സംസ്ഥാന സർക്കാർ 50:50 എന്ന അനുപാതത്തിൽ വഹിക്കേണ്ടതാണ്.

കഴിഞ്ഞ 3 വർഷം കേന്ദ്രസഹായമായി ലഭിച്ച എൻ.ആർ.ഡി.ഡബ്ല്യൂ.പി ഫണ്ടിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച തുക (ലക്ഷത്തിൽ) |
|---|---|
| 2008 - 09 | 10697.00 |
| 2009 - 10 | 14971.46 |
| 2010 - 11 | 13676.05 |
| 2011 - 12 | 8270.00 (നാളിതുവരെ) |

(ഡി) അടിയന്തിരമായി കേന്ദ്രത്തിൽ നിന്ന് തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾക്ക് ശ്രമം നടത്തുമോ?

(ഡി) ഫണ്ടിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കേന്ദ്രത്തിൽ നിന്നും ധനസഹായം ലഭിക്കുന്നുണ്ട്. കേന്ദ്ര വിഹിതം ലഭിക്കുന്നതിന് ഇതുവരെ തടസ്സമൊന്നുമുണ്ടായിട്ടില്ല.

സെക്ഷൻ ഓഫീസർ